**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 89** **30-06-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമിയും വീടും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ. പി.പി. സുമോദ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും<br>ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ മുഴുവൻ കുടുംബങ്ങൾക്കും ഭൂമിയും വീടും ഉറപ്പാക്കുന്നതിനായി ഈ സർക്കാരിന്റെ കാലയളവിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്.<br><br>പട്ടികജാതി വികസന വകുപ്പ് മുഖാന്തിരം 2021-22 സാമ്പത്തിക വർഷത്തിൽ 4020 ഗുണഭോക്താക്കൾക്ക് ഭൂമി നൽകിയിട്ടുണ്ട്. നിലവിൽ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നത് പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾ നേരിട്ടല്ല. ലൈഫ് മിഷൻ മുഖാന്തിരമാണ്. 2021-22-ൽ 278 കോടി രൂപ പട്ടികജാതി വികസന വകുപ്പിൽ നിന്ന് ലൈഫ് മിഷനു കൈമാറിയിട്ടുണ്ട്. നടപ്പുവർഷം പദ്ധതി നിർവ്വഹണത്തിനായി 300 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.<br><br>ഈ സർക്കാരിന്റെ കാലത്ത് പട്ടികവർഗ്ഗ വികസന വകുപ്പിൽ ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി 518 വീടുകളും മൂന്നാം ഘട്ടത്തിൽ 271 വീടുകളും, പട്ടിക വർഗ വികസന വകുപ്പ് മുഖേന 626 വീടുകളും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ഭവന പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി 2597 വീടുകൾ ഏറ്റെടുക്കുകയും ആയതിൽ 200 വീടുകൾ പൂർത്തീകരിക്കുയും ചെയ്തിട്ടുണ്ട്. 2021-22 ൽ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും 140 കോടി രൂപ ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി വാങ്ങി നൽകുന്ന ' ലാന്റ് ബാങ്ക് ' പദ്ധതി പ്രകാരം 126 പേർക്ക് 21.54 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ഭൂരഹിതരായവർക്ക് വിതരണം ചെയ്യുന്നതിനായി പത്തനംതിട്ട, പാലക്കാട്, |

| | | | |
|---|---|---|---|
| | | | കോഴിക്കോട്, തിരുവനന്തപുരം എന്നീ ജില്ലകളിലായി 21.2 ഏക്കർ ഭൂമി വാങ്ങി രജിസ്റ്റർ ചെയ്തിട്ടുമുണ്ട്.<br><br>മലപ്പുറം ജില്ലയിൽ കേന്ദ്രാനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമിയിൽ 109.259 ഹെക്ടർ ഭൂമി സർവ്വേ ചെയ്ത് 1254 പ്ലോട്ടുകളായി തരംതിരിച്ചിട്ടുണ്ട്. ആയത് ഭൂരഹിതരായ പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ പുനരധിവാസ മേഖലകളിലെ 171 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഈ സർക്കാർ വന്നതിന് ശേഷം റ്റി.ആർ.ഡി.എം. മുഖേന ഭവന നിർമ്മാണ ധനസഹായം അനുവദിച്ചിട്ടുണ്ട്.<br><br>നിലവിൽ പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾ നേരിട്ടല്ല ഭവന പദ്ധതി നടപ്പിലാക്കുന്നത്. ലൈഫ് മിഷനാണ് പദ്ധതി നിർവ്വഹണ ചുമതല.<br><br>പട്ടികവർഗ വികസന വകുപ്പ് മുഖേന ലൈഫിൽ ഉൾപ്പെടുത്തി ഭവന സമുച്ചയമോ ഹൗസിംഗ് ക്ലസ്റ്ററുകളുടെ നിർമ്മാണമോ ഏറ്റെടുത്തിട്ടില്ല. |
| (ബി) | നവകേരള കർമ്മപദ്ധതിയിലുൾപ്പെട്ട ലൈഫ് ഭവന പദ്ധതി പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ഭൂമിയുള്ളവർക്ക് വീട് നിർമ്മിക്കുന്നതിനും ഭൂരഹിതർക്ക് ഭവന സമുച്ചയമോ ഹൗസിംഗ് ക്ലസ്റ്ററുകളോ വീടുകളോ നിർമ്മിച്ച് നൽകുന്നതിനുമായി ഈ സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ; | (ബി) | ഉണ്ട്.<br><br>പട്ടികജാതി വികസന വകുപ്പ് മുഖാന്തിരം 2021-22 സാമ്പത്തിക വർഷത്തിൽ 4020 ഗുണഭോക്താക്കൾക്ക് ഭൂമി നൽകിയിട്ടുണ്ട്. നിലവിൽ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നത് പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾ നേരിട്ടല്ല. ലൈഫ് മിഷൻ മുഖാന്തിരമാണ്. 2021-22-ൽ 278 കോടി രൂപ പട്ടികജാതി വികസന വകുപ്പിൽ നിന്ന് ലൈഫ് മിഷനു കൈമാറിയിട്ടുണ്ട്. നടപ്പുവർഷം പദ്ധതി നിർവ്വഹണത്തിനായി 300 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.<br><br>ഈ സർക്കാരിന്റെ കാലത്ത് പട്ടികവർഗ്ഗ വികസന വകുപ്പിൽ ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി 518 വീടുകളും മൂന്നാം ഘട്ടത്തിൽ 271 വീടുകളും, പട്ടിക വർഗ വികസന വകുപ്പ് മുഖേന 626 വീടുകളും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ഭവന പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി 2597 വീടുകൾ ഏറ്റെടുക്കുകയും ആയതിൽ 200 വീടുകൾ പൂർത്തീകരിക്കുയും ചെയ്തിട്ടുണ്ട്. 2021-22 ൽ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും 140 കോടി രൂപ ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി വാങ്ങി നൽകുന്ന ' ലാന്റ് ബാങ്ക് ' പദ്ധതി |

| | | | |
|---|---|---|---|
| | | | പ്രകാരം 126 പേർക്ക് 21.54 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ഭൂരഹിതരായവർക്ക് വിതരണം ചെയ്യുന്നതിനായി പത്തനംതിട്ട, പാലക്കാട്, കോഴിക്കോട്, തിരുവനന്തപുരം എന്നീ ജില്ലകളിലായി 21.2 ഏക്കർ ഭൂമി വാങ്ങി രജിസ്റ്റർ ചെയ്തിട്ടുമുണ്ട്.<br><br>മലപ്പുറം ജില്ലയിൽ കേന്ദ്രാനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമിയിൽ 109.259 ഹെക്ടർ ഭൂമി സർവ്വേ ചെയ്ത് 1254 പ്ലോട്ടുകളായി തരംതിരിച്ചിട്ടുണ്ട്. ആയത് ഭൂരഹിതരായ പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ പുനരധിവാസ മേഖലകളിലെ 171 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഈ സർക്കാർ വന്നതിന് ശേഷം റ്റി.ആർ.ഡി.എം. മുഖേന ഭവന നിർമ്മാണ ധനസഹായം അനുവദിച്ചിട്ടുണ്ട്.<br><br>നിലവിൽ പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾ നേരിട്ടല്ല ഭവന പദ്ധതി നടപ്പിലാക്കുന്നത്. ലൈഫ് മിഷനാണ് പദ്ധതി നിർവ്വഹണ ചുമതല.<br><br>പട്ടികവർഗ വികസന വകുപ്പ് മുഖേന ലൈഫിൽ ഉൾപ്പെടുത്തി ഭവന സമുച്ചയമോ ഹൗസിംഗ് ക്ലസ്റ്ററുകളുടെ നിർമ്മാണമോ ഏറ്റെടുത്തിട്ടില്ല. |
| (സി) | വനാവകാശ നിയമ പ്രകാരം ഈ സർക്കാരിന്റെ കാലത്ത് ഇത് സംബന്ധിച്ച് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനാവകാശ നിയമം, 2006 പ്രകാരം 435 പേർക്ക് 782 ഏക്കർ ഭൂമിയുടെ കൈവശാവകാശരേഖ വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ